# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം- കോട്ടയം ജില്ലയിലെ പായിപ്പാട്ട് ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ. ജി.വി.ഭാസുരദാസിന്റെ ചികിൽസാ ചെലവ്- മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.1329/2013/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,20.05.2013.**

---

പരാമർശം:- 1) ശ്രീ. ജി.വി.ഭാസുരദാസിന്റെ 17/10/2011 ലെ അപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 31/12/2011, 18/02/2013 തീയതികളിലെ എഫ്2-34296/11 നമ്പർ കത്തുകൾ.

## ഉത്തരവ്

കോട്ടയം ജില്ലയിലെ പായിപ്പാട്ട് ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ. ജി.വി.ഭാസുരദാസിന് ചങ്ങനാശ്ശേരിയിലുള്ള മെഡിട്രിന കാർഡിയാക് സെന്റർ, സെന്റ് തോമസ് ആശുപത്രി ചെത്തിപ്പുഴ എന്ന ആശുപത്രിയിൽ വച്ച് ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ചികിൽസ നടത്തിയ ഇനത്തിൽ ചെലവു വന്ന തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,07,819/-രൂപ (രൂപ ഒരു ലക്ഷത്തി ഏഴായിരത്തി എണ്ണൂറ്റി പത്തൊൻപത് മാത്രം) അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% തുകയായ ₹ 86,255/- (രൂപ എൺപത്തി ആറായിരത്തി ഇരുന്നൂറ്റി അൻപത്തി അഞ്ച് മാത്രം) അപേക്ഷകന് അനുവദിക്കാവുന്നതാണെന്നും പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ പായിപ്പാട്ട് ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീ. ജി.വി.ഭാസുരദാസിന് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ചങ്ങനാശ്ശേരിയിലുള്ള മെഡിട്രിന കാർഡിയാക് സെന്റർ, സെന്റ് തോമസ്സ് ആശുപത്രി ചെത്തിപ്പുഴ എന്ന ആശുപത്രിയിൽ വച്ച് ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ചികിൽസ നടത്തിയ ഇനത്തിൽ ചെലവുവന്ന അനുവദനീയമായ തുകയുടെ 80% തുകയായ ₹ 86,255/- (രൂപ എൺപത്തി ആറായിരത്തി ഇരുന്നൂറ്റി അൻപത്തി അഞ്ച് മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പഞ്ചായത്ത് ഡയറക്ടർ ഉറപ്പു വരുത്തി ശ്രീ. ജി.വി.ഭാസുരദാസിന് നേരിട്ട ചികിൽസാ ചെലവിൽ അനുവദനീയമായ തുകയുടെ 80% തുകയായ 86,255/- (രൂപ എൺപത്തി ആറായിരത്തി ഇരുന്നൂറ്റി അൻപത്തി അഞ്ച് മാത്രം) പായിപ്പാട്ട് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് എക്സ്പോസ്റ്റ് ഫാക്ടോ അനുമതി നൽകിക്കൊണ്ട് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം അനുവദിക്കുന്നതിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സെൽവരാജൻ.എൽ**
**ഗവ.അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(LBA&A) തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആന്റ് ആഡിറ്റ് , തിരുവനന്തപുരം;
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
ശ്രീ. ജി.വി. ഭാസുരദാസ്, അക്കൗണ്ടന്റ്, പായിപ്പാട്ട് ഗ്രാമ പഞ്ചായത്ത് ,കോട്ടയം
(പായിപ്പാട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് (01/10/2012 ലെ യു.ഒ നമ്പർ 27269/ജി2/2013/ആകുവ പ്രകാരം)
ധന കാര്യ വകുപ്പ്( 18/04/2013 ലെ 33129/WW3/13/ഫിൻ പ്രകാരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ